# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.977 05.03.2020 ൽ മറുപടിക്ക്**

**തീരദേശഹൈവേ, മലയോരഹൈവേ എന്നിവയുടെ നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| ചോദ്യം | | മറുപടി |
|---|---|---|
| (എ) തീരദേശഹൈവേ, മലയോര ഹൈവേ എന്നിവയുടെ ഡി.പി.ആർ.പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ടോ; ഇവ ഏതെല്ലാം ജില്ലകളിലൂടെയാണ് കടന്നു പോകുന്നത്; വിശദവിവരം നല്കുമോ;<br><br>(ബി) ഇവയുടെ പ്രവർത്തനം എന്നു പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്ത മാക്കുമോ? | (എ) & (ബി) | **തീരദേശഹൈവേ**<br>നിർദ്ദിഷ്ട തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിൽ കൂടിയാണ് കടന്നു പോകുന്നത്. വിവിധ റീച്ചുകളായി തിരിച്ച് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഇതുവരെ 5 റീച്ചുകളുടെ ഡി.പി.ആർ പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. (മലപ്പുറം-2, കോഴിക്കോട്-3) ഇതിൽ 2 റീച്ചുകൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ചിട്ടുണ്ട്. ഡി.പി.ആർ കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചതും അതിൽ പ്രവൃത്തി തുടങ്ങിയതുമായ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധിയും അടങ്ങിയ പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

**<u>മലയോരഹൈവേ</u>**

നിർദ്ദിഷ്ട മലയോര ഹൈവേ ആലപ്പുഴജില്ല ഒഴികെ കേരളത്തിലെ മറ്റ 13 ജില്ലകളിൽ കൂടിയും കടന്നുപോകുന്നുണ്ട്. സ്ഥല ലഭ്യതക്കനുസരിച്ച് വിവിധ റീച്ചുകളായി തിരിച്ച് ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഇതുവരെ 27 റീച്ചുകളുടെ ഡി.പി.ആർ പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. (തിരുവനന്തപുരം-4, കൊല്ലം-1, ഇടുക്കി-3, എറണാകുളം-2, തൃശ്ശൂർ-2, പാലക്കാട്-2, മലപ്പുറം-3, കോഴിക്കോട്-3, വയനാട്-2, കണ്ണൂർ-1, കാസർഗോഡ്-4) ഇതിൽ 20 റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഡി.പി.ആർ കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചതും അതിൽ പ്രവൃത്തി തുടങ്ങിയതുമായ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധിയും അടങ്ങിയ പട്ടിക അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ**

തീരദേശ ഹൈവേ

അനുബന്ധം-1

| നമ്പർ | ജില്ല | പ്രവൃത്തി | നീളം(കി.മീ) | പ്രവൃത്തി പൂർത്തീകരണ തീയ്യതി |
|---|---|---|---|---|
| ആരംഭിച്ച പ്രവൃത്തികൾ | | | | |
| 1 | മലപ്പുറം | പടിഞ്ഞാറെക്കര ഉണ്ണിയാൽ ജംഗ്ഷൻ | 15.00 | 07.09.2020 |
| സാമ്പത്തികാംഗീകാരം ലഭിച്ച മറ്റു പ്രവൃത്തികൾ | | | | |
| 2 | മലപ്പുറം | താനൂർ മൊഹ് യുദ്ദീൻ പള്ളി-കെട്ടുങ്ങൽ | 3.85 | - |
| ഡി.പി.ആർ സമർപ്പിച്ച മറ്റു പ്രവൃത്തികൾ | | | | |
| 3 | കോഴിക്കോട് | ഫ്രാൻസിസ് റോഡ് ജംഗ്ഷൻ-പുതിയാപ്പ | 8.60 | - |
| 4 | കോഴിക്കോട് | കൊളവി പാലം-കൊടിക്കൽ ബീച്ച് | 7.50 | - |
| 5 | കോഴിക്കോട് | കുഞ്ഞാലിമരക്കാർ ബ്രിഡ്ജ് സാൻഡ് ബാങ്ക്സ് -കോട്ടക്കൽ കടവ് | 0.54 | - |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

<u>മലയോര ഹൈവേ</u> അനുബന്ധം-2

| നമ്പർ | ജില്ല | പ്രവൃത്തി | നീളം(കി.മീ) | പ്രവൃത്തി പൂർത്തീകരണ തീയ്യതി |
|---|---|---|---|---|
| ആരംഭിച്ച പ്രവൃത്തികൾ | | | | |
| 1 | തിരുവനന്തപുരം | കള്ളിക്കാട് പാറശ്ശാല ഒന്നാം ഘട്ടം | 15.495 | 01.05.2020 |
| 2 | തിരുവനന്തപുരം | കള്ളിക്കാട് പാറശ്ശാല രണ്ടാം ഘട്ടം | 7.850 | 09.08.2021 |
| 3 | തിരുവനന്തപുരം | കൊല്ലായിൽ ചല്ലിമുക്ക് വിതുര റോഡ് | 21.08 | 02.12.2020 |
| 4 | കൊല്ലം | പുനലൂർ അഗസ്ത്യകോട് റോഡ് | 48.10 | 08.07.2020 |
| 5 | മലപ്പുറം | പൂക്കോട്ടും പാടം തമ്പുരാട്ടിക്കല്ല്.(32.19 കി.മീ) | 15.00 | 23.06.2021 |
| 6 | വയനാട് | പച്ചിലക്കാട് കൈനട്ടി കൽപ്പറ്റ ബൈപ്പാസ് റോഡ് | 16.75 | 28.12.2020 |
| 7 | കാസറഗോഡ് | നന്ദാരപ്പടവ് ചേവാർ | 23.00 | 17.06.2020 |
| 8 | കാസറഗോഡ് | കൊളിച്ചൽ ചെറുപുഴ | 28.877 | 04.03.2021 |
| 9 | കാസറഗോഡ് | കൊളിച്ചൽ ഇടപറമ്പ | 24.40 | 02.07.2020 |

<u>സാമ്പത്തികാംഗീകാരം ലഭിച്ച മറ്റു പ്രവൃത്തികൾ</u>

| നമ്പർ | ജില്ല | പ്രവൃത്തി | നീളം(കി.മീ) |
|---|---|---|---|
| 1 | തിരുവനന്തപുരം | പെരിങ്ങമല വിതുര റോഡ് | 9.450 |
| 2 | ഇടുക്കി | കുട്ടിക്കാനം ചപ്പാത്ത് റോഡ് | 19.00 |
| 3 | ഇടുക്കി | പീരുമേട് ദേവികുളം റോഡ് | 27.717 |
| 4 | തൃശ്ശൂർ | വെള്ളിക്കുളങ്ങര വെറ്റിലപ്പാറ റോഡ് | 19.00 |
| 5 | മലപ്പുറം | പൂക്കോട്ടും പാടം മൂലേപാടം | 20.50 |
| 6 | മലപ്പുറം | പൂക്കോട്ടും പാടം കാളികാവ് | 26.31 |
| 7 | കോഴിക്കോട് | പുല്ലുവ തൊട്ടിൽപാലം | 28.00 |
| 8 | കോഴിക്കോട് | കോടഞ്ചേരി കക്കാടം പൊയിൽ | 35.35 |
| 9 | കോഴിക്കോട് | തലയാട്-മലപ്പുറം കോടഞ്ചേരി | 18.000 |
| 10 | വയനാട് | കൊട്ടിയൂർ ബോയ്സ് ടൗൺ ഫേയ്സ് 1 വളയാട് കുങ്കിച്ചിറ റോഡ് | 46.120 |
| 11 | കാസറഗോഡ് | ചേവാർ ഇടപ്പറമ്പ | 49.675 |

ഡി.പി.ആർ സമർപ്പിച്ച മറ്റു പ്രവൃത്തികൾ

| നമ്പർ | ജില്ല | പ്രവൃത്തി | നീളം(കി.മീ) |
|---|---|---|---|
| 1 | ഇടുക്കി | മയിലാടുംപാറ- പുളിയൻമല റോഡ് | 25.78 |
| 2 | എറണാകുളം | ചേരാങ്ങനാൽ-നേരിയമംഗലം | 32.8 |
| 3 | എറണാകുളം | ചെട്ടിനട-പനംകുഴി ജംഗ്ഷൻ പയ്യൽ ചേരങ്കനാൽ | 17 |
| 4 | തൃശ്ശൂർ | പട്ടിക്കാട്-വിളങ്ങൂർ-മന്ദമംഗലം-പുലിക്കണ്ണി-വെള്ളിക്കുളങ്ങര വെറ്റിലപ്പാറ | 5.3 |
| 5 | പാലക്കാട് | കൂട്ടുപാത-കൊല്ലങ്കോട് (റീച്ച് 2) | 27.9 |
| 6 | പാലക്കാട് | കൊല്ലങ്കോട്-വടക്കാംചേരി(റീച്ച്1) | 28.5 |
| 7 | കണ്ണൂർ | വള്ളിത്തോട്-അംബായത്തോട് | 25.3 |

Hemalatha

സെക്ഷൻ ഓഫീസർ